# ബാൽ-പെരാസീം

## 2 ശമുവേൽ 5:20

**"അങ്ങനെ ദാവീദ് ബാൽ-പെരാസീമിൽ ചെന്നു. അവിടെവെച്ച് ദാവീദ് അവരെ തോല്പിച്ചു. വെള്ളച്ചാട്ടം പോലെ യഹോവ എന്റെ മുമ്പിൽ എന്റെ ശത്രുക്കളെ തകർത്തുകളഞ്ഞു എന്നു പറഞ്ഞു. അതുകൊണ്ട് ആ സ്ഥലത്തിനു ബാൽ-പെരാസീം എന്നു പേരു പറഞ്ഞു വരുന്നു."**

ദാവീദിനെ യിസ്രായേലിനു രാജാവായി അഭിഷേകം ചെയ്തിരിക്കുന്നു എന്നുള്ള വാർത്തകേട്ടപ്പോൾ ഫെലിസ്ത്യർ ദാവീദിനു നേരെ യുദ്ധത്തിനു പുറപ്പെടുന്നതായി നാം വായിക്കുന്നുണ്ട്. അപ്പോൾ ദാവീദ് യഹോവയോട് അനുവാദം ചോദിച്ചതിനുശേഷമാണ് ഫെലിസ്ത്യരുടെ നേരെ പുറപ്പെടുന്നത് എന്ന് നമുക്ക് കാണാവുന്നതാണ്. മാത്രമല്ല ഫെലിസ്ത്യരെ ദാവീദ് തോല്പിക്കും എന്നുകൂടി യഹോവ ദാവീദിനോട് അരുളിചെയ്തതായി വായിക്കുന്നുവല്ലോ.

പ്രിയ ദൈവപൈതലേ നമ്മുടെ ജീവിതത്തിലും ഏതെല്ലാം ശത്രുഭീതി നേരിടേണ്ടി വന്നാലും അവിടെയെല്ലാം ദൈവത്തോട് നമ്മുടെ വിഷയങ്ങൾ തുറന്നു പറഞ്ഞാൽ ദൈവം അതിനെല്ലാം പരിഹാരം വരുത്തിതരുമെന്നതിൽ സംശയമൊന്നുമില്ല.

ഇന്ന് നാം ആയിരിക്കുന്ന ചുറ്റുപാടിൽ പലവിധത്തിൽ പ്രതിയോഗികൾ നമുക്കെതിരായി എഴുന്നേൽക്കുന്നുണ്ടാവാം. കുടുംബത്തിനകത്തുനിന്നുപോലും വിശ്വാസത്തിന്റെ പേരിൽ ഒറ്റപ്പെടലുകളും കുത്തുവാക്കുകളുമൊക്കെ കേൾക്കുന്നുണ്ടാകാം. എന്നാൽ വേദഭാഗത്തിലെ അനവധി വ്യക്തിജീവിതങ്ങളെ നാം നിരീക്ഷിക്കുകയാണെങ്കിൽ നമുക്ക് മനസ്സിലാക്കാവുന്ന ഒരു വസ്തുത എന്തെന്നാൽ ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ ദൈവം അനുവദിക്കാതെയല്ല പ്രതികൂലങ്ങളും പ്രതിയോഗികളുമൊക്കെ എഴുന്നേൽക്കുന്നത്.

**സങ്കീർത്തനം 68:1** 'ദൈവം എഴുന്നേൽക്കുന്നു, അവന്റെ ശത്രുക്കൾ ചിതറിപ്പോകുന്നു.'

നമ്മുടെ പരീക്ഷകളിൽ ദൈവം ഇടപെടുമ്പോൾ നമ്മുടെ ശത്രുക്കൾ ചിതറിപ്പോകുവാൻ ഇടയാകും. യിസ്രായേൽ മക്കളുടെ എതിരായി ഫറവോന്റെ ഹൃദയത്തെ ദൈവം കഠിനമാക്കിയപ്പോൾ ദൈവത്തിന്റെ കരുതലും നടത്തിപ്പും അനുദിനവും രുചിച്ചറിയുവാൻ യിസ്രായേൽ മക്കൾക്ക് ഇടയായതായി നാം വായിക്കുന്നുണ്ടല്ലോ. ശത്രുവിന്റെ മുമ്പാകെ മേശ ഒരുക്കി നമ്മെ നടത്തുന്ന നല്ല ദൈവമാണ് നമുക്കുള്ളത്.

പ്രിയ ദൈവപൈതലേ, ഒരു ഫറവോൻ അഥവാ പ്രതികൂലം നമുക്കെതിരായി ആഞ്ഞടിക്കുന്നുവെങ്കിൽ തീർച്ചയായും ദൈവത്തിന്റെ പ്രവർത്തിയും നമ്മുടെ ജീവിതത്തിൽ വെളിപ്പെടുക തന്നെ ചെയ്യും. ഫറവോനെയും സൈന്യത്തെയും ചെങ്കടലിൽ മുക്കിക്കളഞ്ഞ ദൈവം നമുക്കുവേണ്ടി യുദ്ധം ചെയ്യും. 'യുദ്ധം നിങ്ങളുടേതല്ല, ദൈവത്തിന്റേതത്രെ' എന്നുള്ള വചനം 2 ദിനവൃത്താന്തം 20: 15 ൽ നാം വായിക്കുന്നു.

ആയതിനാൽ വിവിധ പ്രതികൂലങ്ങളാൽ ഭാരപ്പെട്ട് തളർന്നിരിക്കുവാനല്ല, മറിച്ച് കഷ്ടങ്ങളിൽ ഏറ്റവും അടുത്ത തുണയായ കർത്താവിനെ മുറുകെ പിടിച്ചുകൊണ്ട് വിശ്വാസത്തിന്റെ നല്ല പോർ പൊരുതാം. ദൈവപ്രവൃത്തി നമ്മുടെ ജീവിതത്തിൽ വെളിപ്പെട്ടു വരുവാൻ വേണ്ടി അനുദിനവും കർത്താവിൽ ചാരി യാത്ര ചെയ്യാം. വെള്ളച്ചാട്ടംപോലെ നമ്മുടെ ശത്രുക്കളെ തകർത്തുകളഞ്ഞ് ജയം തരുവാൻ ജയവീരനായ കർത്താവ് നമ്മോടുകൂടെയുണ്ടെന്ന് നാം മറന്നുപോകരുത്. ആയതിനാൽ പകരത്തിന് പകരവും ശകാരത്തിന് ശകാരവും ചെയ്യാതെ പ്രതികാരത്തിന്റെ ദൈവമായ കർത്താവിൽ ആശ്രയിച്ച് മുന്നേറാം. അതിനായി ദൈവവമായ കർത്താവ് നമ്മെ ഏവരെയും സാഹായിക്കുമാറാകട്ടെ.

**പരാമർശം:**

സങ്കീർത്തനം 144:1

'എന്റെ പാറയാകുന്ന യഹോവ വാഴ്ത്തപ്പെട്ടവൻ, അവൻ യുദ്ധത്തിന് എന്റെ കൈകളേയും, പോരിന് എന്റെ വിരലുകളേയും അഭ്യസിപ്പിക്കുന്നു.'

**സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 066**